


# കേരളം : മണ്ണും മഴയും മനുഷ്യനും

**1) കേരളീയരുടെ പ്രധാന ഭക്ഷണം എന്താണ്?**

അരി

**2) ) "പച്ചക്കറികളും ധാന്യങ്ങളും പൂക്കളും മറ്റും ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇവിടേക്ക് കൊണ്ടുവരുന്നതിന്റെ ആവശ്യകത എന്ത് ?"**

- കേരളത്തിൽ ആവശ്യത്തിന് പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നില്ല.
- മലയാളികൾക്ക് കാർഷിക ജോലിയിൽ താൽപ്പര്യം കുറഞ്ഞു .
- കേരളത്തിൽ കൃഷി കുറഞ്ഞു
- കർഷകർക്ക് മതിയായ വില ലഭിക്കുന്നില്ല.
- തൊഴിലാളികളുടെ ഉയർന്ന വേതനം



**3) കൃഷിക്ക് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ എന്തൊക്കെയാണ്?**

- വളക്കൂറുള്ള മണ്ണ്
- അനുകൂല കാലാവസ്ഥ
- ജലലഭ്യത
- മനുഷ്യാധ്വാനം
- മികച്ച വിത്തുകൾ
- ഉപകരണങ്ങളും യന്ത്രങ്ങളും

**4) കേരളത്തിലും തമിഴ്നാട്ടിലും കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ ഏതൊക്കെയാണ്?**

| കേരളം | തമിഴ്നാട് |
|---|---|
| എക്കൽ മണ്ണ് | ചെമ്മണ്ണ് |
| ലാറ്ററൈറ്റ് മണ്ണ് | കറുത്ത മണ്ണ് |
| വന മണ്ണ് | ലാറ്ററൈറ്റ് മണ്ണ് |
| ചെമ്മണ്ണ് | തീരദേശ മണ്ണ് |

**5) കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് ഏതാണ്?**

**എക്കൽ മണ്ണ്**

**6) കേരളത്തിൽ എത്ര നദികളുണ്ട്?**

**44**

**7) തമിഴ്നാട്ടിലെ  നദികളുടെ എണ്ണം എത്ര ?**

**14**

**8) കേരളത്തിലെ കാർഷിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ എന്തൊക്കെയാണ്?**

- **കേരളത്തിൽ ധാരാളമായി കാണുന്ന  ഫലഭൂയിഷ്ഠമായ എക്കൽ മണ്ണ്.**
- **വാർഷിക മഴ 300 സെൻറിമീറ്ററിൽ കൂടുതൽ**
- **ജലലഭ്യതയ്ക്കായി  44 നദികൾ**

**9) കേരളത്തിലെയും തമിഴ്നാട്ടിലെയും കാർഷിക സാഹചര്യങ്ങൾ താരതമ്യം ചെയ്യുക?**

| | |
|---|---|
| • വാർഷിക മഴ 300 സെ.മീ.<br>• 44 നദികൾ<br>• മഴ ലഭിക്കുന്നതിനാൽ പലയിടങ്ങളിലും ജലസേചന സൗകര്യങ്ങളുടെ ആവശ്യകതയില്ല. | • വാർഷിക മഴ 95.9 സെ.മീ.<br>• 14 നദികൾ<br>• മഴ കുറവായതിനാൽ ജലസേചന സൗകര്യം വ്യാപകമായി ഏർപ്പെടുത്തേണ്ടതുണ്ട്. |

**10) സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ  അടിസ്ഥാനത്തിൽ  കേരളത്തിലെ ഭൂപ്രകൃതിയെ  എത്രയായി തിരിച്ചിരിക്കുന്നു ? അവ ഏതൊക്കെ ?**

**1)മലനാട്**
**2) ഇടനാട്**
**3)തീരപ്രദേശം**

**11) കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന മലനാട് ഏത് പർവ്വത നിരകളുടെ ഭാഗമാണ് ?**

**സഹ്യാദ്രി മലനിരകൾ**

12) മലനാട്ടിലെ പ്രധാന കാർഷിക വിളകൾ ഏതൊക്കെയാണ്?

- തേയില
- കാപ്പി
- ഏലം
- കുരുമുളക്
- ഇഞ്ചി
- മഞ്ഞൾ

13) ഏലം, തേയില, കാപ്പി തുടങ്ങിയവയുടെ കൃഷിക്ക് അനുകൂലമായ എന്തെല്ലാം ഭൂമിശാസ്ത്രഘടകങ്ങളാണ് മലനാട്ടിലെ ഉള്ളത് ?

- താപനില 30°സെൽഷ്യസിൽ താഴെ
- ധാരാളമായി ലഭിക്കുന്ന മഴ
- നീർവാർച്ചയുള്ള മണ്ണ്

തുടങ്ങിയ ഘടകങ്ങൾ തേയില ,കാപ്പി ,ഏലം ,കുരുമുളക് ,ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളുടെ വളർച്ചക്ക് അനുകൂലമാണ്

14) ഇന്ത്യയിലെ റബ്ബർ കൃഷിയുടെ പിതാവ് എന്നറിയപ്പെടുന്നത്?

ജോൺ ജോസഫ് മർഫി

15) കേരളത്തിൽ വൈവിധ്യമാർന്ന വിളകൾക്ക് അനുയോജ്യമായ മേഖല ഏതാണ് ?

ഇടനാട്

16) ഇടനാട്ടിലെ വിള വൈവിധ്യത്തിന് അനുകൂലമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ഏതൊക്കെയാണ്?

- ധാരാളമായി ലഭിക്കുന്ന മഴ
- നദീതടങ്ങളിൽ എക്കൽ മണ്ണിൻ്റെ ആവരണം
- മലയോര മേഖലകളിൽ ലാറ്ററൈറ്റ് മണ്ണ്

17) കേരളത്തിലെ പ്രധാന വാണിജ്യ വിള ഏതാണ്?

റബ്ബർ

18) ഇടനാട്ടിലെ പ്രധാന കാർഷിക വിളകൾ ഏതൊക്കെയാണ്?

- ധാന്യങ്ങൾ
- പച്ചക്കറികൾ
- കിഴങ്ങുവിളകൾ
- നെല്ല്
- നാളികേരം
- റബ്ബർ
- വാഴ
- അടക്ക

• കുരുമുളക്  തുടങ്ങിയവ

19) തീരപ്രദേശത്തെ പ്രധാന കാർഷിക വിളകൾ ഏതൊക്കെയാണ്?

നെല്ല് , തെങ്ങ്

20) നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് ഏതാണ്?

എക്കൽ മണ്ണ്

21) തീരപ്രദേശത്തെ തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് ഏതാണ്?

ഉപ്പുവെള്ളം കലർന്ന എക്കൽമണ്ണ് മണ്ണ്

22) കേരളത്തിലെ തീരപ്രദേശങ്ങളിൽ കൃഷിക്ക് അനുകൂലമായ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ ഏതൊക്കെയാണ്?

• തീരപ്രദേശത്തെ  പ്രധാന വിളകൾ നെല്ലും തെങ്ങുമാണ്.
• താഴ്ന്ന പ്രദേശങ്ങളിലെ എക്കൽ മണ്ണിൻ്റെ നിക്ഷേപം നെൽകൃഷിക്ക് അനുയോജ്യമാണ്
• തീരപ്രദേശങ്ങളിലെ ഉപ്പുരസമുള്ള  എക്കൽ മണ്ണ് തെങ്ങ് കൃഷിക്കും അനുയോജ്യമാണ്.

23) തീരപ്രദേശങ്ങളിൽ കൃഷി കുറയാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

- കൃഷിഭൂമി ജനവാസകേന്ദ്രങ്ങളായി മാറി.
- ഇത് കൃഷിഭൂമിയുടെ വിസ്തൃതി കുറയാൻ കാരണമായി.
- കാർഷിക മേഖലയിലെ  തൊഴിലാളികളുടെ അഭാവം.
- കാലാവസ്ഥാ മാറ്റങ്ങൾ.
- വിത്തുകളുടെയും വളങ്ങളുടെയും ഉയർന്ന വിലയും തൊഴിലാളികളുടെ ഉയർന്ന കൂലിയും കൃഷി ലാഭകരമല്ലാതാക്കി .

24) പട്ടികയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക

| വിള | വർഷം | | |
|---|---|---|---|
| | 1961 | 1987 | 2011 |
| | (ഭൂവിസ്തൃതി ലക്ഷം ഹെക്ടറിൽ) | | |
| നെല്ല് | 7.5 | 6.04 | 2.08 |
| മരച്ചീനി | 2.37 | 1.72 | 0.75 |
| തെങ്ങ് | 5.05 | 7.75 | 8.21 |
| റബർ | 1.33 | 3.59 | 5.40 |

• റബ്ബർ കൃഷി വർദ്ധിച്ചപ്പോൾ നെല്ലിൻ്റെയും മരച്ചീനിയുടെയും കൃഷി കുറഞ്ഞു.
• നെൽകൃഷിയുടെ ഭൂവിസ്തൃതി ഏറ്റവും കുറഞ്ഞു.
• റബ്ബർ, തെങ്ങ് തുടങ്ങിയ വാണിജ്യ വിളകളുടെ ഭൂവിസ്തൃതി വർദ്ധിച്ചു.
• നെല്ല്, മരച്ചീനി തുടങ്ങിയ ഭക്ഷ്യവിളകളുടെ ഭൂവിസ്തൃതി കുറഞ്ഞു.

**25) ഏതെങ്കിലും 3 ജീവിതശൈലി രോഗങ്ങളുടെ പേരുകൾ എഴുതുക?**

• രക്താതിമർദ്ദം
• ഹൃദ്രോഗം
• പ്രമേഹം

**26) ജീവിതശൈലീ രോഗങ്ങൾ എന്നാൽ എന്ത് ?**

ജീവിതശൈലിയിൽ വലിയ മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത് . ജനങ്ങളുടെ കായികാധ്വാനം കുറഞ്ഞു , ഭക്ഷണരീതി മാറി ഇത് പുതുതലമുറ രോഗങ്ങളായ രക്തസമ്മർദ്ദം , ഹൃദ്രോഗം ,പ്രമേഹം എന്നിവയ്ക്ക് കാരണമായി . ഇത്തരം രോഗങ്ങൾ പൊതുവായി ജീവിതശൈലീ രോഗങ്ങൾ എന്നാണ് അറിയപ്പെടുന്നത്

**27) കാർഷിക സംസ്കാരത്തിൽ നിന്ന് മാറിയ കേരളീയരുടെ ജീവിതശൈലിയിൽ ഉണ്ടായിട്ടുള്ള പ്രധാന മാറ്റങ്ങൾ എന്തൊക്കെയാണ്?**

- പുതിയ തലമുറക്ക് കൃഷിയോടുള്ള താല്പര്യം കുറഞ്ഞു .
- അവർ ജോലിക്കായി മറ്റ് മേഖലകൾ തിരഞ്ഞെടുത്തു .
- ജനങ്ങളുടെ കായികാധ്വാനം കുറഞ്ഞു , ഭക്ഷണരീതി മാറി.
- ഇത് ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, ഹൃദ്രോഗം , പ്രമേഹം എന്നിവയ്ക്ക് കാരണമായി .
- മാലിന്യവും മാലിന്യസംസ്കരണവും ഒരു വലിയ പ്രശ്നമായി മാറി

**28)കേരളീയർ ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട് . ഇതിനായി നിങ്ങൾക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും ?**

• വീട്ടുമുറ്റത്ത് ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുക .
• ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുക
• ഉച്ചഭക്ഷണ പരിപാടിക്കായി സ്കൂൾ കോമ്പൗണ്ടിൽ ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുക.

## മാലിന്യ നിർമാർജന നടപടികൾ

**29) വീടുകളിലെ ശരിയായ രീതിയിലുള്ള മാലിന്യസംസ്ക്കരണത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും ?**

• ജൈവമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുക.
• മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാൻ ജൈവമാലിന്യങ്ങൾ ഉപയോഗിക്കാം.
• ജൈവ മാലിന്യത്തിൽ നിന്ന് ബയോ ഗ്യാസ് ഉണ്ടാക്കുക .

**30) കേരളത്തിൽ ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ കൃഷിഭൂമി കുറയുന്നതിന് കാരണമാകുന്നുണ്ട് . അവയിൽ പ്രധാനപ്പെട്ട കാരണങ്ങൾ ഏതെല്ലാമാണ് ?**

- കുളങ്ങളും വയലുകളും മണ്ണിട്ട് നികത്തുന്നു .
- കുന്നുകൾ ഇടിച്ചു നിരത്തുന്നു .
- നെൽപ്പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്നു .
- കുന്നിൻ ചെരുവകളിൽ അശാസ്ത്രീയമായി കൃഷി ചെയ്യുന്നു.

**31) കേരളത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നത്തിനായി സർക്കാർ തലത്തിലുള്ള പ്രധാന ഏജൻസികൾ ഏതൊക്കെയാണ്?**

- VFPCK
- സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
- കൃഷി വകുപ്പ്
- കുടുംബശ്രീ മിഷൻ

**32) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ**

- വിവിധയിനം പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധവിളകൾ, കൂൺ, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നു.
- തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിന്നു .

**33) നമ്മുടെ നാട്ടിൽ നിലവിലുള്ള നൂതന കൃഷിരീതികൾ ഏതൊക്കെയാണ്?**

- ഹരിതഗൃഹ കൃഷി
- കൃത്യതാ കൃഷി
- ഫെർട്ടിഗേഷൻ

**34) കൊടും തണുപ്പുള്ള പ്രദേശങ്ങളിൽ, വിളകൾ സംരക്ഷിക്കുന്നതിനായി സ്ഫടിക മേൽക്കൂരയുള്ള മുറികളിൽ വളർത്തുന്ന രീതി ഏതാണ് ?.**

ഹരിതഗൃഹ കൃഷി

**35) ഓരോ വിളകൾക്കും മണ്ണിനും ആവശ്യമായ പരിചരണം (വെള്ളം, വളം മുതലായവ) വിവിധ ഘട്ടങ്ങളിൽ കൃത്യമായി നൽകുന്ന കാർഷിക രീതിയുടെ പേരെന്ത് ?**

കൃത്യതാ കൃഷി

**36) വെള്ളവും വളവും കണികാരൂപത്തിൽ ഡ്രിപ്പറുകളിലൂടെ നൽകുന്ന ആധുനിക കാർഷിക രീതിയുടെ പേര്**

ഫെർട്ടിഗേഷൻ

**37) കേരളത്തിൽ കർഷക ദിനമായി ആചരിക്കുന്നത് ഏത് ദിവസമാണ്?**

ചിങ്ങം 1

38) കൃഷിച്ചൊല്ലുകൾ

1. വിത്തുഗുണം പത്തു ഗുണം
2. ഞാറില്ലെങ്കിൽ ചോറില്ല.
3. മുളയിലറിയാം വിള.
4. പത്തായമുള്ളിടം പറയും കാണും.
5. കളപറിച്ചാൽ കളം നിറയും.
6. വിത്തിനൊത്ത വിള.
7.വിത്താഴം ചെന്നാൽ പത്തായം നിറയും
8.വിത്തു കുത്തി ഉണ്ണരുത്.
9.സമ്പത്തു കാലത്തു തൈ പത്തു നട്ടാൽ ആപത്തു കാലത്തു കാ പത്തു തിന്നാം.
10. ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴക്കും

Hibi C A